LIBRARY ARCHIVES Kerala Legislative Assembly

ചേലക്കര മണ്ഡലത്തിലെ നദീതട സംരക്ഷണ പണികൾ

134 (2414) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽ 2011-12 മുതൽ 2015-16 വരെയുള്ള കാലഘട്ടങ്ങളിൽ റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയ നദീതടസംരക്ഷണ പണികൾ ഏതെല്ലാമാണെന്നും അതിലേക്ക് വിനിയോഗിച്ച തുക എത്രയാണെന്നും പറയാമോ;

(ബി) 2014-15, 2015-16 വർഷങ്ങളിൽ ഏതെല്ലാം പദ്ധതികൾക്ക് ഭരണാനുമതി നൽകിയിരുന്നുവെന്നും അവ പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ;

(സി) 2016-17 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിന് ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നിർദ്ദേശിച്ചിട്ടുള്ള പ്രവർത്തനങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) 2014-15, 2015-16 വർഷങ്ങളിൽ RMF-ൽ നിന്നും ഭരണാനുമതി കളൊന്നും തന്നെ ചേലക്കര മണ്ഡലത്തിൽ ലഭ്യമായിട്ടില്ല.

(സി) 2016-17 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിന് RMF പദ്ധതിയിൽ ഉൾപ്പെടുത്തി നിർദ്ദേശിച്ചിട്ടുള്ള പ്രവൃത്തികൾ.

1. തിരുവില്വാമല പഞ്ചായത്തിലെ കുട്ടിൽമുക്കിൽ ഭാരതപ്പുഴയുടെ ഇടതുകരയുടേയും ഗായത്രിപ്പുഴയുടെ വലതുകരയുടേയും സംരക്ഷണ പ്രവൃത്തികൾ. തുക - 73,00,000 രൂപ

2. വള്ളത്തോൾ നഗർ പഞ്ചായത്തിൽ ഭാരതപ്പുഴയുടെ ഇടതുകരയും പുണ്യതീരം ശ്മശാനത്തിന്റെ സംരക്ഷണവും ബലിതർപ്പണ കടവിന്റെ നിർമ്മാണവും. തുക - 61,00,000 രൂപ

3. വള്ളത്തോൾ നഗർപഞ്ചായത്തിൽ ചെറുതുരുത്തി പാലത്തിന് താഴ്ഭാഗത്തായി ഭാരതപ്പുഴയ്ക്കുകുറുകെ തടയണ നിർമ്മാണം. തുക - 14,50,00,000 രൂപ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.